പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 874 — 11.06.2014 ൽ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷ

മറുപടി

| | |
|---|---|
| ശ്രീ. പി. സി. ജോർജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ലഭ്യമായ കണക്കുകൾ പ്രകാരം ഇപ്രകാരം ജോലി ചെയ്യുന്നവർ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ 25 ലക്ഷത്തിൽപ്പരം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) കേരളത്തിന്റെ തൊഴിൽ മേഖലയിൽ പ്രത്യേകിച്ച് നിർമ്മാണ മേഖലയിൽ അന്യ സംസ്ഥാന തൊഴിലാളികളുടെ സേവനം അവിഭാജ്യ ഘടകമായി മാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) ഉണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ വരവ് സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിൽ മാറ്റങ്ങൾക്ക് വഴി തെളിച്ചിട്ടുണ്ട്. മാനവശേഷി ആവശ്യമായ മിക്ക ജോലികളിലും അന്യ സംസ്ഥാന തൊഴിലാളികളാണ് പണിയെടുക്കുന്നത്. |

| | |
|---|---|
| (ഡി) അന്യസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ, ആരോഗ്യ-ജീവിത സാഹചര്യങ്ങളുടെ സംരക്ഷണം എന്നിവ ഉറപ്പു വരുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിക്കും. അന്യസംസ്ഥാന തൊഴിലാളികൾ കൂടുതൽ പണിയെടുക്കുന്ന കേന്ദ്രങ്ങളിലും താമസിക്കുന്ന സ്ഥലങ്ങളിലും തൊഴിൽ വകുപ്പ് ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ജില്ലകൾ തോറും മെഡിക്കൽ ക്യാമ്പുകൾ നടത്തി സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നു. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനാവേളയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോ എന്ന് പരിശോധിച്ച് ലഭ്യമല്ലായെങ്കിൽ തൊഴിലുടമയ്ക്ക് എതിരെ നോട്ടീസ് നൽകി നിയമനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായി തൊഴിൽ വകുപ്പിന്റെ കീഴിൽ ഭവനം പദ്ധതിയിലുൾപ്പെട്ട 'അപ്നാഘർ' എന്ന രാത്രി കാല വാസസ്ഥാനം പദ്ധതി തൊഴിൽ വകുപ്പിന്റെ പരിഗണനയിലാണ്.<br><br>അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യ സെക്യൂരിറ്റി ബിൽ 2013 സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ.